കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്
തമ്പാനൂർ, തിരുവനന്തപുരം-695001
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## വിജ്ഞാപനം

## കീം-2025

## സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രത്യേക സംവരണം അപേക്ഷ സമർപ്പിക്കുന്നതിന് അവസരം

സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ ഏർപ്പെട്ടിട്ടുള്ള കരാറിനു വിധേയമായി താഴെ പറയുന്ന സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളിലെ നിശ്ചിത ശതമാനം കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ (CAP 2025) പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്നതാണ്.

സ്വകാര്യ സ്വാശ്രയ ആർക്കിടെക്ചർ കോളേജുകളുടെ തരം തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു.

### പട്ടിക 1

### കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ മാറ്റിവച്ചിട്ടുള്ള കോളേജ്

| Sl. No | College code | Institution | Community / Registered Trust / Registered Society | Authority to issue Certificates |
|---|---|---|---|---|
| 1 | BJR | Bishop Jerome Institute School of Architecture, Fathima College Road, Kollam | Latin Catholic | Revenue Authorities |

### പട്ടിക 2

### (റവന്യൂ അധികാരികൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് നൽകേണ്ട കോളേജ്)

| Sl. No. | College code | Institution | Community | Authority to issue certificates |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | MER | MES College of Architecture, Kozhikode | Muslim | Revenue Authorities |

കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലെ 'KEAM 2025- Candidate Portal' എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് 'Community Quota Proforma' എന്ന മെനു ക്ലിക്ക് ചെയ്ത് കോളേജ് സെലക്ട് ചെയ്യുമ്പോൾ ലഭ്യമാകുന്ന പ്രൊഫോർമയുടെ പ്രിന്റൗട്ട് എടുത്ത് ഒപ്പിട്ടശേഷം, ആവശ്യമായ രേഖകൾ സഹിതം 01.08.2025, 4.00 PM ന് മുമ്പായി കോളേജ് അധികൃതരുടെ മുമ്പാകെ ഹാജരാകേണ്ടതാണ്. ഈ വിദ്യാർത്ഥികളുടെ പട്ടിക കോളേജ് അധികൃതർ 01.08.2025 വൈകുന്നേരം 5.00 മണിക്ക് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ലാറ്റിൻ കാത്തലിക് കമ്മ്യൂണിറ്റിയിൽ ഉൾപ്പെട്ട കോളേജിലേയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുന്ന ലാറ്റിൻ കാത്തലിക് വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെയും പരിഗണിക്കുന്നതാണ്. ഇവർ കോളേജിൽ ഹാജരായി രേഖകൾ സമർപ്പിക്കേണ്ടതില്ല.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന ബന്ധപ്പെട്ട കാറ്റഗറി ലിസ്റ്റിൽ നിന്നും പട്ടിക 2-ൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളിലേയ്ക്ക് നിർദ്ദിഷ്ട സമുദായത്തിലുള്ള വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്. ഈ പട്ടികയിലെ സമുദായത്തിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകേണ്ടതില്ല.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>:- ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റിനായി ഓപ്ഷൻ കൺഫർമേഷൻ നടത്തുന്ന അവസരത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന പട്ടികകളിൽ ഉൾപ്പെട്ടിട്ടുള്ള കോളേജുകളിലെ മൈനോറിറ്റി സീറ്റുകളിൽ വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ് . മുകളിൽ പറഞ്ഞിരിക്കുന്ന നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്തി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ മാത്രമെ പ്രസ്തുത കോളേജുകളിലേയ്ക്കുള്ള മേൽപ്പറഞ്ഞ ക്വാട്ട സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റിനായി പരിഗണിക്കുകയുള്ളൂ. ഇത് മുകളിൽ പറഞ്ഞിരിക്കുന്ന കോളേജുകളിലെ മൈനോറിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റിന് മാത്രം ബാധകമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

പ്രവേശന പരീക്ഷാ കമ്മീഷണർ

Signed by
Arun S Nair
Date: 29-07-2025 18:02:30

തിരുവനന്തപുരം
29-07-2025